# ബഹുഭാര്യാത്വം വിവിധ സമൂഹങ്ങളിൽ

**ബാസിമ**

ബഹുഭാര്യാത്വത്തിന്റെ പേരിൽ പ്രതിയോഗികൾ ഇസ്‌ലാമിനെതിരെ പ്രചണ്ഡമായ പ്രചാരണങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒരേസമയം ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുന്ന സമ്പ്രദായത്തിന് തുടക്കം കുറിച്ചതുപോലും ഇസ്‌ലാമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം വരെ എതിരാളികളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. പ്രശസ്ത മനശ്ശാസ്ത്രജ്ഞനും സാമൂഹികശാസ്ത്രജ്ഞനുമായ ഗുസ്താവ് ലബോൺ (Gustave Le Bon 1841-1931)തന്റെ La civilisation des Arabes എന്ന കൃതിയിൽ എഴുതുന്നു: “ബഹുഭാര്യാത്വത്തേക്കാൾ അബദ്ധമായ ആശയങ്ങൾ പ്രചരിക്കപ്പെട്ടതും അവജ്ഞാപൂർവം കണക്കാക്കപ്പെടുന്നതുമായ മറ്റൊന്നില്ല. ഇസ്‌ലാമിന്റെ മൂലക്കല്ലും ഖുർആന്റെ പ്രചാരണത്തിന് വഴിവെച്ചതും പൗരസ്ത്യരുടെ പതനകാരണവും ബഹുഭാര്യാത്വമാണെന്ന് പ്രാമാണികരായ പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്” (പേജ് 421).

യഥാർഥത്തിൽ ബഹുഭാര്യാത്വത്തിന്റെ പേരിൽ ഇസ്‌ലാം കുരിശിലേറ്റപ്പെടുന്നത് ഇന്നോ ഇന്നലെയോ അല്ല. മധ്യനൂറ്റാണ്ടുകൾ തൊട്ടുതന്നെ അത് ആരംഭിച്ചിട്ടുണ്ട്. ക്രൈസ്തവ പാതിരിമാരാണ് അതിന് തുടക്കം കുറിച്ചത്. കുരിശുയുദ്ധത്തിലേറ്റ പരാജയഫലമായി ഇസ്‌ലാമിനോട് ഉണ്ടായ അടക്കാനാവാത്ത അമർഷമായിരുന്നു പ്രേരകശക്തി.

വളരെ പുരാതന കാലം തൊട്ടുതന്നെ ബഹുഭാര്യാത്വ സമ്പ്രദായം ലോകത്തെവിടെയും നിലനിന്നിരുന്നു. വിവിധ സമൂഹങ്ങൾ വ്യത്യസ്ത രീതിയിലാണ് അത് ആചരിച്ചിരുന്നത്. എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കാ രേഖപ്പെടുത്തുന്നു: “ബഹുഭാര്യാത്വം അല്ലെങ്കിൽ വെപ്പാട്ടികളെ വെക്കുന്ന സമ്പ്രദായം പുരാതന സംസ്കാരങ്ങളിലെ അധിക ജനവിഭാഗങ്ങളിലും കാണപ്പെട്ടിട്ടുണ്ട്. ചൈനയിൽ നിയമാനുസൃതമായ പ്രത്യേക ഭാര്യക്ക് പുറമെ പല സ്ത്രീകളെയും വെച്ചുകൊണ്ടിരിക്കാറുണ്ടായിരുന്നു. അത് സദാചാര വിരുദ്ധമോ മാന്യേതരമോ ആയി ഗണിക്കപ്പെട്ടിരുന്നില്ല. ജപ്പാനിൽ ഇതേപോലെ വെപ്പാട്ടികളെ സ്വീകരിക്കുന്ന സമ്പ്രദായം 1880 വരെ നിലനിന്നിരുന്നു. പുരാതന ഈജിപ്തിലും ബഹുഭാര്യാത്വം സ്വീകരിക്കാൻ അനുമതി നൽകപ്പെട്ടിരുന്നു” (വാല്യം 18, പേജ് 188).

മുമ്പ് കാലത്തെ ബഹുഭാര്യാത്വത്തെസംബന്ധിച്ച ഒരു പഠനത്തിൽ ഇങ്ങനെ കാണാം: “ബഹുഭാര്യാത്വം ലോകത്തിലെ വിവിധ ജനവിഭാഗങ്ങൾ യുഗങ്ങളായി ആചരിച്ചുപോരുന്ന ഒന്നാണ്. ആഫ്രിക്കയിലെ ചില വിഭാഗക്കാർക്കിടയിൽ പ്രായപൂർത്തി എത്തിയ ഒരു പുരുഷന് രണ്ടോ മൂന്നോ ഭാര്യമാരുണ്ടായിരിക്കുമെന്നത് സ്വാഭാവികമാണ്. ലോകത്തിലെ മിക്ക ജനവിഭാഗങ്ങളിലും ഇത് നടപ്പിലുണ്ടായിരുന്നതായി പറയപ്പെടുന്നു” (വിവാഹം ഒരു പഠനം, പേജ് 198, വിതരണം: നാഷ്നൽ ബുക്സ്റ്റാൾ, കോട്ടയം).

“ബഹുഭാര്യാത്വം മനുഷ്യവർഗത്തിൽ പ്രകൃത്യാതന്നെയുള്ള ഒരു സമ്പ്രദായമായിരുന്നുവെന്ന് എൽ.ടി ഹോംബ്ഹോസിന്റെ ‘മോറൽസ് ഇൻ എവല്യൂഷൻ’, റോബർട്ട് ബ്രിഫോന്റെ ‘ദ മദർ’, ഹാവ്‌ലോക്ക് എല്ലിസിന്റെ ‘മാൻ ആന്റ് വുമൺ’, വെസ്റ്റർമാർക്കിന്റെ ‘ഹിസ്റ്ററി ഓഫ് ഹ്യൂമൻ മാര്യേജ്’ എന്നീ ഗ്രന്ഥങ്ങൾ വ്യക്തമായി തെളിയിക്കുന്നുണ്ട്. ആഫ്രിക്കയിലെയും ഏഷ്യയിലെയും പല ജനവിഭാഗങ്ങളുടെയും അമേരിക്കയിലെ ചില ഭാഗങ്ങളിലെയും വിവാഹസമ്പ്രദായം ഒരു കാലത്ത് ബഹുഭാര്യാത്വമായിരുന്നുവെന്ന് നെൽസന്റെ എൻസൈക്ലോപീഡിയയിൽ പറയുന്നുണ്ട്. പഴയ നിയമത്തിന്റെ കാലത്ത് ജൂതമതം ബഹുഭാര്യാത്വത്തെ അനുവദിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു (വിവാഹം ഒരു പഠനം, പേജ് 200).

ജൂതമതമനുസരിച്ച് പുരുഷന്റെ പ്രാപ്തിയും താൽപര്യവുമനുസരിച്ച് ഇഷ്ടാനുസാരം സ്ത്രീകളെ കല്യാണം കഴിക്കാവുന്നതാണ്. ദാവീദിനും സോളമനും നൂറു കണക്കിന് ഭാര്യമാരും അടിമസ്ത്രീകളും ഉണ്ടായിരുന്നതായി ബൈബിൾ വ്യക്തമാക്കുന്നു. ബൈബിൾ ബഹുഭാര്യാത്വം നിരുപാധികം അനുവദിക്കുന്നുണ്ടെന്നും മിതത്വം പാലിക്കാൻ ചില പുരോഹിതന്മാർ നിർദേശിക്കുക മാത്രമാണ് ചെയ്തതെന്നും ന്യൂഫെൽഡ് തന്റെ ‘ആൻഷ്യന്റ് ഹീബ്രൂ മാര്യേജ് ലാ’ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇപ്രകാരം തന്നെ ക്രിസ്തുമതവും ബഹുഭാര്യാത്വം നിരോധിച്ചിട്ടില്ലെന്നാണ് പ്രസിദ്ധ ചരിത്രകാരനായ ജോർജ് സൈദാൻ അഭിപ്രായപ്പെടുന്നത്. പതിനാറാം നൂറ്റാണ്ടു വരെയും ക്രിസ്ത്യാനി

കളിൽ ബഹുഭാര്യാത്വം നടപ്പുണ്ടായിരുന്നുവെന്നും പാതിരിമാർ പോലും ഒന്നിലേറെ സ്ത്രീകളെ സ്വീകരിച്ചിരുന്നുവെന്നും ചരിത്രകാരനായ വെസ്റ്റർ മാർക്ക് വ്യക്തമാക്കുന്നു. യുദ്ധാനന്തരം പുരുഷ സംഖ്യ കുറഞ്ഞപ്പോൾ 1650-ൽ രണ്ട് സ്ത്രീകളെ വേൾക്കാൻ ക്രിസ്ത്യൻ കൗൺസിൽ അംഗീകാരം നൽകിയിരുന്നു. എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കയിൽ ഇങ്ങനെ കാണാം: "മാനവസമൂഹത്തിൽ പരമ്പരാഗതമായി നിലനിന്നിരുന്ന ഈ ആചാരം മൂന്ന് നൂറ്റാണ്ടുകൾക്ക് അപ്പുറം വരെ യൂറോപ്യൻ രാജ്യങ്ങളിലും പ്രചാരത്തിലുണ്ടായിരുന്നു. പതിനേഴാം നൂറ്റാണ്ടിന് ശേഷം മാത്രമാണ് അവിടങ്ങളിലൊക്കെ ബഹുഭാര്യാത്വം നിയമവിരുദ്ധമായത്. ബഹുഭാര്യാത്വത്തിന്റെ പ്രചാരകരായിരുന്നു ക്രൈസ്തവ സഭകൾ. അടുത്തകാലത്താണ് അതിനെതിരെ നിയമനിർമാണം നടത്തിയത്....

"മധ്യ നൂറ്റാണ്ടുകളിൽ ബഹുഭാര്യാത്വത്തെ ക്രിസ്ത്യൻ മതനേതൃത്വം അംഗീകരിച്ചിരുന്നു. അത് നിയമാനുസൃതമായിത്തന്നെ നിലനിൽക്കുകയും ചെയ്തിരുന്നു" (വാല്യം 14, പേജ് 950).

ഇന്ത്യയിൽ ആദികാലം മുതൽക്കുതന്നെ ബഹുഭാര്യാത്വം നിലവിലുണ്ടായിരുന്നു. ഭാരതത്തിലെ ഹിന്ദുക്കളും ഏഷ്യയിലെ ഇതര ജനവിഭാഗങ്ങളും പുരാതനകാലം തൊട്ടുതന്നെ ബഹുഭാര്യാത്വം ആചരിക്കുന്നവരായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. രാഹുൽ സാംകൃത്യായൻ എഴുതുന്നു: "ഏഷ്യയിലെ ജാതികളിൽ ഏകഭാര്യാത്വം ബലവത്തായ ഒരു സാമൂഹിക നിയമമെന്ന നിലയിൽ എപ്പോഴെങ്കിലും സ്വീകരിക്കപ്പെട്ടിട്ടുണ്ടോ എന്ന് നിശ്ചയമില്ല. ഇവിടെ ചരിത്രാരംഭം മുതൽ ബഹുഭാര്യാത്വം കാണപ്പെടുന്നുണ്ട്. ഇന്ത്യക്കാരുടെയും ഇറാനികളുടെയും ചൈനക്കാരുടെയും പുരാതനകഥകളിലും പഴയ ഗ്രന്ഥങ്ങളിലും ഒന്നിലധികം സ്ത്രീകളെ ഒരാൾ വിവാഹം ചെയ്യുന്നത് നിന്ദ്യമായ ഒരു ദുരാചാരമായി പ്രതിപാദിച്ചു കാണുന്നില്ല. ഇസ്‌ലാം ഒക്കെക്കൂടി നാലു വിവാഹമെന്ന് തീർച്ചപ്പെടുത്തി ഭാരിച്ച സംഖ്യ കുറക്കാൻ ശ്രമിച്ചു.... ഹിന്ദുക്കൾ വിവാഹത്തിന്റെയും ദാസികളുടെയും എണ്ണം ക്ലിപ്തപ്പെടുത്താൻ ഒരിക്കലും പണിപ്പെട്ടിട്ടേയില്ല. നേരെ മറിച്ച് കൃഷ്ണൻ, ദശരഥൻ മുതലായ എല്ലാ ആദർശപുരുഷന്മാർക്കും പട്ടമഹിഷിമാർ പതിനാറായിരം എന്ന് പ്രഖ്യാപിച്ച് ബഹുഭാര്യാത്വം ധർമാധിഷ്ഠിതമായ ഒന്നാണെന്ന് പറഞ്ഞ് പ്രോത്സാഹിപ്പിച്ചു" (*സാമൂഹിക രേഖ*, പേജ് 106).

ചുരുക്കത്തിൽ, അറിയപ്പെടുന്ന പുരാതന സംസ്കാരങ്ങളും വിശ്വാസപ്രമാണങ്ങളും ഏകപത്നീവ്രതം അനുഷ്ഠിക്കാൻ ആവശ്യപ്പെടുന്നവയായിരുന്നില്ലെന്നും മറിച്ച് ബഹുഭാര്യാത്വം ആചരിക്കാൻ അനുവദിക്കുന്നവയായിരുന്നുവെന്നും മനസ്സിലാക്കാവുന്നതാണ്. ഈ സമ്പ്രദായം ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെയോ സമുദായത്തിന്റെയോ സൃഷ്ടിയല്ലെന്നർഥം.

## ആധുനികലോകത്ത്

ആധുനികലോകത്തെ പല സമൂഹങ്ങളും രാഷ്ട്രങ്ങളും ബഹുഭാര്യാത്വം നിയമത്തിലൂടെ നിരോധിച്ചിട്ടുണ്ട്. എന്നാൽ ശരിയായ അർഥത്തിൽ ഏകഭാര്യാ സമ്പ്രദായം നിലനിൽക്കുന്ന ഏതെങ്കിലും രാജ്യം ലോകത്തുള്ളതായി അറിയപ്പെട്ടിട്ടില്ല. ബഹുഭാര്യാത്വം വിലക്കിയ സമൂഹങ്ങളിലൊന്നുംതന്നെ പുരുഷൻ ഒരു സ്ത്രീയെ മാത്രം സ്വീകരിക്കുകയും അവളിലൂടെ മാത്രം ലൈംഗികജീവിതം പങ്കിടുകയും ചെയ്യുന്ന പതിവില്ല. പാശ്ചാത്യ മുതലാളിത്ത രാജ്യങ്ങളും പൗരസ്ത്യ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും ഇതിന് അപവാദമല്ല. ഒരു സ്ത്രീയെ വിവാഹത്തിലൂടെ സ്വന്തമാക്കുകയും അതിന് മുമ്പും ശേഷവും ഒന്നുപോലെ ഇഷ്ടാനുസരണം സ്ത്രീകളുമായി ലൈംഗികബന്ധത്തിൽ വ്യാപൃതരാവുകയും ചെയ്യുന്ന ഹീനമായ സമ്പ്രദായങ്ങളാണ് അവിടങ്ങളിൽ നിലനിൽക്കുന്നത്.

വ്യഭിചാരം നിയമത്തിലൂടെ നിരോധിക്കപ്പെടുകയും സദാചാര മൂല്യങ്ങൾ അവഗണിക്കപ്പെടുകയും ചെയ്തതോടെ വ്യഭിചാരം ക്രമാതീതം വർധിക്കുകയാണുണ്ടായത്. അമേരിക്കയിലെ അവസ്ഥയെ സംബന്ധിച്ച ഒരു പഠനത്തിലിങ്ങനെ കാണാം: "അമേരിക്കയിലെ പ്രത്യേക സാഹചര്യങ്ങളിൽ പന്ത്രണ്ട് വയസ്സ് പോലും തികയുന്നതിന് മുമ്പ് കുട്ടികൾ ഇണയെ തേടിയിറങ്ങും. കൗമാരപ്രായത്തിൽതന്നെ ഒരിണയില്ലെങ്കിൽ ആണിനായാലും പെണ്ണിനായാലും അതൊരു കുറച്ചിലാണ്. പെൺകുട്ടികൾ ഋതുമതികളാവുന്ന പ്രായം പതിനാലിൽനിന്ന് പന്ത്രണ്ടായി കുറഞ്ഞിരിക്കുകയാണ്. അതേസമയം വിവാഹപ്രായം പതിനെട്ടിൽനിന്ന് ഇരുപത്തിരണ്ടായി ഉയരുകയും ചെയ്തു. പത്തു വർഷത്തെ ഈ കാലഘട്ടം പ്രശ്നങ്ങളേറിയതാണ്. അവർ ഡേറ്റിംഗിനും മേറ്റിംഗിനും പോയി ജീവിതപങ്കാളിയെ കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. എത്രപേരെ മാറി മാറി കൂട്ടുപിടിച്ചാലും അവിടെ അതൊരു അപവാദമല്ല. തനിക്ക് എല്ലാംകൊണ്ടും ഏറ്റവും ഇണങ്ങുന്ന ആളിനെ കണ്ടെത്താൻ പലരുടെയും കൂടെയുള്ള പരീക്ഷണങ്ങൾ ആവശ്യമല്ലേ? കന്യകകളായ പെൺകുട്ടികളെ കല്യാണം കഴിക്കാനാഗ്രഹിക്കുന്ന യുവാക്കൾ മുൻകാലങ്ങളിലുണ്ടായിരുന്നു... മറുപക്ഷവുമായി ബന്ധം പുലർത്താത്ത കുമാരീ കുമാരന്മാർക്ക് എന്തോ കുറവുള്ളതായി കരുതി മനഃശാസ്ത്ര വിദഗ്ധന്മാരെ സമീപിക്കുന്ന മാതാപിതാക്കളുണ്ട്" (ഇ.എ. കരുണാകരൻ നായർ, ലൈംഗിക ജീവിതം, പേജ് 100).

സ്കൂൾ വിദ്യാർഥി-വിദ്യാർഥിനികൾ പോലും അവിടെയിന്ന് അച്ഛന്മാരും അമ്മമാരുമാണ്. എന്തിനധികം, കാട്ടാളന്മാർക്കിടയിൽ നിലവിലുണ്ടായിരുന്നപോലെ അമ്മയും മകനും അച്ഛനും മകളും തമ്മിൽ പോലും അവിടെ ലൈംഗിക ബന്ധം നടക്കാറുണ്ട്. ഈയിടെ ഒരമേരിക്കൻ പെൺകുട്ടി സ്വന്തം പിതാവുമായുള്ള ലൈംഗികവേഴ്ചയുടെ വിശദാംശങ്ങൾ വിവരിക്കുന്ന ഒരു പുസ്തകം പുറത്തിറക്കി. ചൂടപ്പം പോലെയാണ് അത് വിറ്റഴിഞ്ഞത്.

വ്യഭിചാരവും ബലാത്സംഗവും അമേരിക്കൻ ജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. *ടൈം* വാരിക എഴുതുന്നു: "ബോസ്റ്റണിലെ ചാൾസ്ടൺ സെക്ഷനിൽ ഏഴു യുവാക്കൾ ചേർന്ന് ഒരു പതിനേഴുകാരിയെ തട്ടിക്കൊണ്ടുപോയി മൂന്നു മണിക്കൂർ നേരം ബലാത്സംഗത്തിന് വിധേയയാക്കി. ഏതാനും ആഴ്ചകൾക്ക് മുമ്പ് നാലു പേർ ചേർന്ന് രണ്ട് മണിക്കൂർ നേരം ഒരു പെൺകുട്ടിയെ ഒരു റെസ്റ്റോറന്റിൽ വെച്ച് മറ്റുള്ളവർ നോക്കിനിൽക്കേ പരസ്യമായി ബലാത്സംഗം ചെയ്തു. പെൻസിൽവാനിയ യൂനിവേഴ്സിറ്റിയിലും അടുത്തിടെ അതുപോലെ ഒന്നുണ്ടായി" (1983 ഏപ്രിൽ 18).

9.8.1984-ലെ *ടൈം* വാരികയിൽ അമേരിക്കൻ ലൈംഗിക ജീവിതത്തെ സംബന്ധിച്ച് 'സെക്സ് ഇൻദി എയ്റ്റീസ് ദി റവലൂഷൻ ഈസ് ഓവർ' എന്ന ഒരു ലേഖനമുണ്ട്. കുത്തഴിഞ്ഞ ലൈംഗിക ബന്ധങ്ങളുടെ ഫലമായി അവിടത്തെ രണ്ട് കോടിയോളം ആളുകൾക്ക് ഹെർപ്സ് (Herps) എന്ന ഒരുതരം മാറാരോഗം ബാധിച്ചിട്ടുണ്ടെന്നും വർഷാന്തം രണ്ടു ലക്ഷം മുതൽ അഞ്ചു ലക്ഷം വരെ ആളുകൾ പുതുതായി അതിന്റെ ആക്രമണത്തിന് ഇരയാവുന്നുണ്ടെന്നും വ്യക്തമാക്കുന്ന ഒരു പഠനമാണത്. ഓരോ രാത്രിയും പുതിയ പുതിയ പെൺകുട്ടികളെ ലൈംഗികാവശ്യത്തിന് ഉപയോഗിക്കുന്നതിന്റെയും ഒരു സംഘം ദമ്പതിമാർ ഒത്തുകൂടി ഭാര്യമാരെ മാറിമാറി ഉപയോഗിക്കുന്നതിന്റെയും വിശദവിവരങ്ങൾ അതിലുണ്ട്.

അവിടെ സ്കൂൾ കുട്ടികൾക്ക് ഗർഭ

നിരോധ മാർഗങ്ങൾ അഭ്യസിപ്പിക്കുകയും ഉപകരണങ്ങൾ വിതരണം നടത്തുകയും ചെയ്യാറുണ്ട്. എന്നിട്ടും വർഷംതോറും പത്ത് ലക്ഷം ഗർഭഛിദ്രങ്ങൾ നടക്കുകയും ആറു ലക്ഷം അവിവാഹിതകൾ പ്രസവിക്കുകയും ചെയ്യുന്നുണ്ടെന്ന് 1979-ലെ സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നു. ഈ ജാരസന്തതികളുടെ സംരക്ഷണം സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. ഓരോ കുട്ടിക്കും വേണ്ടി ഗവൺമെന്റ് പതിനെണ്ണായിരം ഡോളർ വീതം ചെലവഴിക്കുന്നു.

ഇത് അമേരിക്കയിലെ മാത്രം അവസ്ഥയല്ല. ബ്രിട്ടനിൽ തൊണ്ണൂറ് ശതമാനം പുരുഷന്മാരും ഭാര്യമാരെ പരസ്പരം കൈമാറുന്നവരാണ്. "അവിടത്തെ കേംബ്രിഡ്ജ് സർവകലാശാലയിലെ 8000 വിദ്യാർഥികൾക്കിടയിൽ നടത്തിയ അഭിപ്രായ വോട്ടെടുപ്പിൽ തെളിഞ്ഞുവന്നതനുസരിച്ച് വിവാഹത്തിന് മുമ്പു തന്നെ ലൈംഗിക ബന്ധം ആകാവുന്നതാണ്. വിദ്യാർഥികളുടെ വക പത്രമായ 'വാഴ്സിറ്റി'യാണ് ഈ പോൾ നടത്തിയത്. 86 ശതമാനവും മുൻപറഞ്ഞ വിധം വോട്ടുചെയ്തു" (ലൈംഗിക ജീവിതം, പേജ് 101).

വ്യാപകമായ ഗർഭനിരോധ മാർഗങ്ങൾ അവലംബിച്ചിട്ടും അവിടെ വർഷാന്തം ഒരു ലക്ഷത്തി ഇരുപതിനായിരം ഗർഭഛിദ്രങ്ങൾ നടക്കുന്നുണ്ടെന്നാണ് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നത്. കൂടാതെ വർഷം തോറും എഴുപതിനായിരം അവിവാഹിതർ അമ്മമാരായിത്തീരുകയും ചെയ്യുന്നു.

സ്വീഡനിലെ കുട്ടികളിൽ മുപ്പത്തി ഏഴു ശതമാനം ജാരസന്തതികളാണെന്ന് അവിടത്തെ ഔദ്യോഗിക കണക്കുകൾ തെളിയിക്കുന്നു. അവിടെ വിവാഹിതരാകുന്നവരിൽ എൺപത് ശതമാനവും അതിന് മുമ്പേ ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടവരാണ്. അടുത്ത കാലത്ത് അധ്യാപക-വിദ്യാർഥിനി ലൈംഗിക ബന്ധത്തിന് നിയമ വിധേയത്വം നൽകാനുള്ള നീക്കംവരെ നടക്കുകയുണ്ടായി. "സ്വീഡനിൽ സെക്സ് കൂടുതൽ കൂടുതൽ ഉദാരമാക്കാനുള്ള നീക്കം വലിയ ഒച്ചപ്പാടുകൾക്ക് കാരണമായി. 15 വയസ്സായ വിദ്യാർഥിനികളും അധ്യാപകരുമായുള്ള ലൈംഗിക ഇടപെടലുകൾക്ക് നിയമസാധുത നൽകാനുള്ള നീക്കം ഏറ്റവും വിവാദങ്ങൾ ഉയർത്തിയിരിക്കുന്നു" (*മലയാള മനോരമ* 1984, ഫെബ്രുവരി 29).

ഇറ്റലിയിൽ 1973-ൽ മാത്രം ഒരു ലക്ഷത്തി എൺപതിനായിരം ജാരസന്താനങ്ങൾ ജനിച്ചതായി അവിടത്തെ 'അന്നാബല്ല' മാസിക വ്യക്തമാക്കുകയുണ്ടായി. ഇപ്രകാരംതന്നെ പശ്ചിമ ബർലിനിൽ മാത്രം രജിസ്റ്റർ ചെയ്യപ്പെട്ട നാലായിരം അഭിസാരികമാരുണ്ട്. അവരെ ചുറ്റിപ്പറ്റി അനേകം അനൗദ്യോഗിക വേശ്യമാർ വേറെയും. അവർക്ക് ഇൻഷൂറൻസ്, നികുതിനിയമം തുടങ്ങിയവയിൽ ഉപദേശ നിർദേശങ്ങൾ നൽകാനായി ബെർലിനിലെ ചാർലോട്ടൻബർഗിൽ ഒരു സംഘടനതന്നെ പ്രവർത്തിക്കുന്നുണ്ട്.

പാശ്ചാത്യ രാജ്യങ്ങളിൽ ദിനേന നിയമാനുസൃതമായ എൺപതിനായിരം ഗർഭഛിദ്രങ്ങൾ നടക്കുന്നതായി ലണ്ടനിലെ സാമൂഹിക പഠനകേന്ദ്രം ശേഖരിച്ച കണക്കുകൾ വ്യക്തമാക്കുന്നു. കൂടാതെ രഹസ്യമായി മൂന്നു ലക്ഷത്തോളം വേറെയും. ഇവയിലധികവും അവിഹിതമാർഗേണ ഗർഭധാരണം നടക്കുന്നവയാണ്.

അതോടൊപ്പം അധിക പാശ്ചാത്യ രാജ്യങ്ങളും പ്രകൃതിവിരുദ്ധമായ സ്വവർഗരതിക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. "സ്വവർഗ ഭോഗാസക്തർക്കുള്ള വ്യഭിചാരശാലകൾ ചില പരിഷ്കൃത നഗരങ്ങളിൽ ഇന്നും നടപ്പുണ്ട്. ബെർലിനിൽ അത്തരം വ്യഭിചാരശാലകൾ നടത്തിപ്പോരുന്നതിനെ പോലീസുകാർ തടയുന്നില്ല" (രതിസാമ്രാജ്യം, പേജ് 462).

മുതലാളിത്ത രാജ്യങ്ങളെപ്പോലെത്തന്നെ കമ്യൂണിസ്റ്റ് നാടുകളും ഇത്തരം ലൈംഗികാരാജകത്വത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണെന്ന് ആനുകാലിക സംഭവങ്ങൾ തെളിയിക്കുന്നു. 'പെൺകുട്ടികൾക്ക് പൂർണ സ്വാതന്ത്ര്യമാണവിടെ. ആൺകുട്ടികളും പെൺകുട്ടികളും ഒരേ ഹോസ്റ്റലിൽ അടുത്തടുത്ത മുറികളിൽ താമസിക്കുന്നു. വിദ്യാർഥികളായിരിക്കുമ്പോൾതന്നെ ധാരാളം വിവാഹങ്ങൾ നടക്കുന്നു... വിവാഹമോചനവും പുനർവിവാഹവും സർവസാധാരണമാണ്... വിവാഹത്തിന് മുമ്പുതന്നെ ലൈംഗികബന്ധം മിക്കവാറും കേസുകളിലും നടക്കുന്നു' (യുവതലമുറ റഷ്യയിൽ, ശങ്കരനാരായണൻ, റസ്തോവ്, സോവിറ്റയ് യൂനിയൻ- *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 10.6.1973). പതിനാല് വയസ്സുപോലും തികയാത്ത പെൺകുട്ടികൾ അവിഹിത ഗർഭം ധരിക്കുന്നതായി സോവിയറ്റ് യൂനിയനിലെ യുവ കമ്യൂണിസ്റ്റ് പത്രമായ 'കോംസോമോൾസ്കായ പ്രാവ്ദ' പരാതിപ്പെട്ടത് അടുത്ത കാലത്താണല്ലോ.

ചൈനയിൽ അവിഹിത വേഴ്ചയും ബലാത്സംഗവും അടുത്ത കാലത്ത് അധികരിച്ചതായി അവിടത്തെ അധികൃതർതന്നെ നിരന്തരം പരാതിപ്പെടാറുണ്ട്. "ബലാത്സംഗം, സംഘടിതമായ ഏറ്റുമുട്ടൽ, കൊള്ള, കവർച്ച എന്നിവ വർധിച്ചുവരുന്നതിനെ ദേശീയതലത്തിലും പ്രാദേശികതലത്തിലും നടന്ന സമ്മേളനങ്ങളിൽ ചൈനാധികൃതർ അപലപിച്ചു" (*മാതൃഭൂമി* ദിനപത്രം 25.12.1979).

ഇന്ത്യ പോലും ലൈംഗികാരാജകത്വത്തിന്റെ പിടിയിലമർന്നിരിക്കുകയാണ്. ബോംബെയിൽ മാത്രം പതിനായിരം വേശ്യാലയങ്ങളും ഒരു ലക്ഷം അഭിസാരികമാരും ഉണ്ടെന്നാണ് കണക്ക്. നമ്മുടെ നാട്ടിൽ നിയമപ്രകാരം ബഹുഭാര്യാത്വം നിരോധിക്കപ്പെട്ട സമൂഹങ്ങൾ കുറുക്കുവഴികളിലൂടെ ഒന്നിലധികം സ്ത്രീകളെ ഉപയോഗിക്കാറുണ്ട്. അടുത്ത കാലത്തായി ഗുജറാത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്. അവിടെ 'മൈത്രി കരാർ' (ഫ്രണ്ട്ഷിപ്പ് കോൺട്രാക്ട്) നിലനിൽക്കുന്നു. നിശ്ചിത കാലത്തേക്ക് ആർക്കും കൂടെ താമസിക്കാം. കാലാവധി നേരത്തേ നിർണയിക്കുകയും ചെലവിന് കൊടുക്കുകയും വേണമെന്നേയുള്ളൂ. പ്രശസ്ത രാഷ്ട്രതന്ത്രജ്ഞനും പത്രപ്രവർത്തകനുമായ മിനുമസാനി പറയുന്നു: "ഗുജറാത്തിൽ ഇടത്തരക്കാരായ ധാരാളം സ്ത്രീകൾ വിവാഹിതരായ പുരുഷന്മാരുമായി ഇപ്പോൾ മൈത്രീ കരാറിൽ ഏർപ്പെട്ടുവരുന്നു" (*മലയാള മനോരമ* 20.6.1982).

1955 മുതൽ ഹിന്ദുക്കൾക്കിടയിൽ ബഹുഭാര്യാത്വം നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും 1969 ഡിസംബറിൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോക്ടർ കാന്തി പ്രകാശ് നടത്തിയ സാമ്പിൾ സർവേ അനുസരിച്ച് വിവിധ സംസ്ഥാനങ്ങളിലെ ആയിരം ഹിന്ദു പുരുഷന്മാരിൽ 75 പേർ ബഹുഭാര്യാത്വം സ്വീകരിച്ചവരാണ്. അതേസമയം മുസ്‌ലിംകളിൽ 1000-ൽ 15 പേർ മാത്രമാണ് രണ്ടാം കല്യാണം കഴിച്ചവരായി ഉണ്ടായിരുന്നത്. ഇക്കാര്യം പ്രശസ്ത എഴുത്തുകാരനായ ബൽരാജ്പുരിയും വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: "മുസ്‌ലിംകളിൽ ഇന്ന് നിലവിലുള്ള ബഹുഭാര്യാത്വത്തിന്റെ അനുപാതം മറ്റു സമുദായങ്ങളുടേതിനേക്കാൾ ഒട്ടും അധികമല്ല" (*ഇന്ത്യൻ എക്സ്പ്രസ്* 23.10.1983).

ചുരുക്കത്തിൽ, ബഹുഭാര്യാത്വം നിരോധിച്ച സമൂഹങ്ങളിലധികവും ഫലത്തിൽ രഹസ്യബന്ധങ്ങളിലൂടെയും ജാരസമ്പർക്കത്തിലൂടെയും ഒന്നിലധികം സ്ത്രീകളുമായി സമ്പർക്കം പുലർത്തുന്നവരാണ്. കന്നുകാലികളെപ്പോലെ തങ്ങളുടെ ലൈംഗികാവശ്യത്തിന് മാറി മാറി ഉപയോഗപ്പെടുത്തുന്ന സ്ത്രീകളെ

ഭാര്യമാരെന്ന് വിളിക്കാനുള്ള ആർജവവും അവരിലൂടെ ഉണ്ടാവുന്ന കുട്ടികളുടെ പിതൃത്വം ഏറ്റെടുക്കാനുള്ള ആണത്തവും അവർക്കും കുട്ടികൾക്കും സംരക്ഷണം നൽകാനുള്ള തന്റേടവും കാണിക്കാത്തവരാണവർ. കോൾഗേൾ, ഗേൾഫ്രണ്ട്, സ്റ്റപ്പിനി തുടങ്ങിയ ഓമനപ്പേരുകൾ വിളിച്ച് തങ്ങളുടെ കാമവികാരം തീർത്ത് പെൺകുട്ടികളെ തെരുവിലേക്ക് തുപ്പുകയാണ് അവർ ചെയ്യുന്നത്.

യഥാർഥത്തിൽ ഇസ്‌ലാമിലെ ബഹുഭാര്യാത്വത്തെ വിമർശിക്കുകയും ആചാരസമ്പ്രദായങ്ങൾ കാലത്തിന് വിട്ടുകൊടുക്കണമെന്ന് വാദിക്കുകയും ചെയ്യുന്നവർ കുത്തഴിഞ്ഞ ലൈംഗിക ജീവിതവും സർവതന്ത്ര സ്വതന്ത്രമായ സ്ത്രീ പുരുഷ വേഴ്ചയുമാണ് ഉദ്ദേശിക്കുന്നത്. *ചിന്ത* വാരിക എഴുതുന്നു: "ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യനാദി വ്യത്യാസമില്ലാതെ സ്ത്രീ പുരുഷന്മാരെല്ലാം അവരവർക്ക് പറ്റുന്ന ജോലിയിലും ഉദ്യോഗത്തിലും ഏർപ്പെടുക, അവരവർക്ക് ഇഷ്ടമുള്ള ഇണയെ തെരഞ്ഞെടുത്ത് ഇഷ്ടമുള്ള കാലത്തോളം ദാമ്പത്യജീവിതം നയിക്കുക, ദമ്പതിമാരിൽ ആർക്കെങ്കിലും ഇഷ്ടമില്ലാതെ വന്നാൽ വിവാഹമോചനം നടത്തുക, ഇഷ്ടമുണ്ടെങ്കിൽ പുതിയ ഇണയെ കണ്ടെത്തി മറ്റൊരു ദാമ്പത്യത്തിൽ ഏർപ്പെടുക, ഈ സ്ഥിതി കൈവരുന്നതിന് വേണ്ടിയാണ് ആധുനിക ജനാധിപത്യവും അതിന്റെ ഉയർന്ന രൂപമായ സോഷ്യലിസവും പ്രവർത്തിക്കുന്നത്" (1983 ഒക്ടോബർ 25).

ഇത്തരമൊരു സ്ഥിതിവന്നാൽ കാളകളെക്കുറിച്ച് ഒരു മലയാള കവി പാടിയ അവസ്ഥയായിരിക്കും പിന്നീട് ഉണ്ടാവുക:

"കാളക്കിന്നൊരുവേളി
നാളെ മറ്റൊരു വേളി
മറ്റന്നാളും നാലാന്നാലും
വേറെ വേറെ വേളി."

ചുരുക്കത്തിൽ, ആധുനിക ഭൗതിക സമൂഹങ്ങൾ ബഹുഭാര്യാത്വം നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ശരിയായ അർഥത്തിലുള്ള ഏകപത്നീ സ്വഭാവം എവിടെയും നിലനിൽക്കുന്നില്ല. സ്ത്രീകളെ ലൈംഗികവേഴ്ചക്ക് ഉപയോഗിച്ച ശേഷം അവളെ തിരിഞ്ഞുനോക്കാതെ നടന്നകലാൻ അവ പുരുഷനെ അനുവദിക്കുകയാണ് ചെയ്യുന്നത്. അതിനാൽ ബഹുഭാര്യാത്വം പാടെ നിരോധിക്കണമെന്ന് വാദിക്കുന്നവർ യഥാർഥത്തിൽ കാപട്യം കാണിക്കുന്നവരും പൊള്ളയായ പൊങ്ങച്ചം പ്രകടിപ്പിക്കുന്നവരുമാണ്. ആത്മവഞ്ചന നടത്തുന്നവരും അപകർഷതാ ബോധത്തിന്റെ അടിമകളുമാണവർ. ■